# തിളക്കം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2026 2027

# വാണീവിലാസം എൽ പി സ്കൂൾ

# തൃക്കണ്ണാപുരം

ആമുഖം

ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമേഖയാണ് അക്കാദമിക ആസൂത്രണ അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്. നമ്മുടെ വിദ്യാലയത്തിലും ഗുണമേന്മാ വിദ്യാഭ്യാസം ഒരുക്കുന്നതിനായുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയായയറായി കഴിഞ്ഞു. കുട്ടികളുടെ സർവതോന്മുഖമായ വികസനത്തിനുവേണ്ട

പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാധാകേതിക സാധ്യതകൾ പ്ലാനിൽ ഉൾപ്പെടുത്തയിട്ടുണ്ട്. നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടം ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽ കൂട്ടാക്കാനും ശ്രമിക്കുന്നുണ്ട്. ഓരോ കുട്ടിയുടെയും തനതായ കഴിവുകൾ കണ്ടെത്തി ഏറ്റവും ഉയർന്ന തലത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിനുള്ള പഠന ബോധന പ്രവർത്തനങ്ങൾ അക്കാദമിക് മാസ്റ്റർ പ്ലാനിലുണ്ട്.

മതസരാധിഷ്ഠിത ലോകത്തിൽ
അതിജീവനത്തിന് ആവശ്യമായ
ആത്മ വിശ്വാസവും അറിവും
പ്രാപ്തിയും
ആർജിക്കുന്നതോടൊപ്പം
മതനിരപേക്ഷത,
ജനാധിപത്യബോധം, തുല്യത,
സഹവർത്തിത്വം, അനുപാതം
തുടങ്ങിയ ഒരു ജനാധിപത്യ
സമൂഹത്തിന്റെ മുന്നോട്ടു
പോക്കിനാവശ്യമായ മൂല്യ
ബോധങ്ങൾ ഉള്ളവാക്കാൻ
സഹായകമായ പഠനപ്രക്രിയയും

പഠനാന്തരീക്ഷവും ഒരുക്കുന്നു.
ഇതോടൊപ്പം പാരിസ്ഥിതിക
അവബോധം, സാമൂഹിക
അവബോധം എന്നിവ
ഉള്ളവാക്കാൻ ആവശ്യമായ
അനുഭവങ്ങൾ കുട്ടികൾക്ക് പ്രദാനം
ചെയ്യുന്നു. ഫലപ്രാപ്തി
വിലയിരുത്തുകയും ചെയ്യുന്നു.
ഇതെല്ലാം ഉദ്ഗ്രഥിച്ച് നമ്മുടെ
സ്ഥാപനത്തിന്റെ അക്കാദമിക്
മാസ്റ്റർ പ്ലാനിലൂടെ അക്കാദമിക
ശോഭയുള്ള വേറിട്ട വിദ്യാലയത്തെ
സൃഷ്ടിടിക്കലൊണ് നമ്മുടെ ലക്ഷ്യം.

കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള സമഗ്രമായ വികസനം,

* പഠന വിഷയങ്ങളിൽ ആശയദൃഢത ഉണ്ടാക്കുക.
പാഠ്യേതര വിഷയങ്ങളിൽ

വൈവിധ്യം ആർജ്ജവവും
നേടുക.

* പാഠ്യേതര മികവ്
ഉയർത്തുന്നതിനാവശ്യമായ
സാംസ്കാരിക സൗകര്യങ്ങൾ
ഒരുക്കുക. ഭൗതിക, മാനസിക,

* പ്ലാസ്റ്റിക് മുത്ക-ലഹരിമുക്ത
കാമ്പസുകൾ സൃഷ്ടിക്കുക.

* കാർഷിക സാംസ്കാരം പുതിയ
തലമുറയിൽ
വളർത്തിയെടുക്കുക.

* മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.

* കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ വികസിപ്പിച്ചെടുക്കുക.

അക്കാദമിക് മാസ്റ്റർ പ്ലാൻ

വിദ്യാല ചരിത്രം

കുത്തുപറമ്പ് നഗരസഭയിലെ **11-**ാം വാർഡിൽ തൃക്കണ്ണാപുരം ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന വാണീവിലാസം എൽ പി സ്കൂൾ **1007** ലാണ് സ്ഥാപിതമായി. **1929** ൽ വടക്കയിൽ ആലക്കാടൻ ബാപ്പു ഗുരുക്കളുടെയും പാട്യം കോങ്ങാറ്റ ദേശത്ത് കുണ്ടഞ്ചേരി തിരുവോത്ത് കുഞ്ഞിക്കണ്ണന്റെയും

മാനേജ്മെൻറിൽ വാക്കാലേ വാങ്ങിയ രയരോത്ത് ഖണ്ഡം പറമ്പിൽ പിന്നീട് വിദ്യാലയം നടത്തി വന്നു.

പിന്നീട് തിരുവോത്ത് കുഞ്ഞിക്കണ്ണൻ ഗുരുക്കൾ, പാലേകി കൃഷൻ വൈദ്യർ നിട്ടൂർക്കണ്ടി കുഞ്ഞിരാമൻ ഗുരുക്കൾ, വാച്ചാലി ശങ്കുണ്ണി മേപ്പാടൻ ഇട്ടുപ്പയിൽ കുഞ്ഞിക്കണ്ണൻ മുതലായവരുടെ മാനേജ്മെൻറിൽ വലിയ കോളക്കോട്ട് എന്ന സ്ഥലത്തേക്ക്

സ്ഥാപനം മാറ്റുകയും ചെയ്തു. സ്കൂളിലുള്ള രേഖ പ്രകാരം **1925** ലാണ് ഈ വിദ്യാലയം സ്ഥാപിച്ചത് എന്നാണ് പ്രസ്താവിച്ചിരിക്കുന്നത്. പഠനസൗകര്യങ്ങളൊക്കെ വളരെ കുറഞ്ഞ ഒരു താൽക്കാലിക ഓല ഷെഡിലാ യിരുന്നു ഈ വിദ്യാലയം ആരംഭിച്ചത്.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതോടുകൂടി വിദ്യാബ്യാസരംഗത്ത് പല മാറ്റങ്ങളും നൂതന പരിഷ്കാരങ്ങളും വന്നു ചേർന്നു. അതോടുകൂടി

സ്കൂൾ നടത്തിപ്പ് ഒരു മാനേജരുടെ കീഴിൽ ആരംഭിക്കുകയും തിരുവോത്ത് കുഞ്ഞിക്കണ്ണൻ എന്നവർ സ്കൂൽ മാനേജരാവുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണശേഷം മകൻ അഡ്വക്കേറ്റ് വിജയരാഘവൻ മാനേജരവുകയും പിന്നീട് ഇദ്ദേഹത്തിന്റെ മകളായ വിജുല മനോജ് മാനേജരാവുകയുമാണ് ഉണ്ടായത്. **2020**ൽ ശ്രീമതി എൻ കെ രാജലക്ഷ്മിയുടെ നേതൃത്വത്തിൽ പുതിയ മാനേജ്മെന്റ് നിലവിൽ വരികയും ഒരു കോടി രൂപയോളം

മുടക്കി പുതിയ രണ്ടു നില കെട്ടിടം പണിയുകയും ചെയ്തു. അതിനാൽ ഭൗതിക സാഹചര്യത്തിലുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ എല്ലാം തന്നെ പരിഹരിക്കാനും പുതിയ സാങ്കേതിക വിദ്യ ഉൾക്കൊള്ളിച്ചു കൊണ്ട് ക്ലാസ്സുകൾ നവീകരിക്കാനും ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

ഒരു സമൂഹത്തെ അറിവിന്റെ ലോകത്തേക്ക് നയിക്കാൻ ഇങ്ങനെ ഒരു വിദ്യാലയം പഴയകാലത്ത്

അത്യന്താപേക്ഷിതം തന്നെയായിരുന്നു. സാമൂഹ്യപരമായും സാമ്പത്തികപരമായും പിന്നോക്കം നിന്ന കുടുംബ പശ്ചാത്തലത്തിലെ കുട്ടികളായിരുന്നു ഈ വിദ്യാലയത്തിൽ എത്തിചേർന്നിരുന്നത്

ഇന്ന് വിദ്യാഭ്യാസപരവും സാമ്പത്തികപരമായും ഉന്നതിയിൽ നിൽക്കുന്ന നല്ലൊരു സമൂഹം പൂർവ്വ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന്റെ സമ്പത്താണന്നു.

പ്രീപ്രൈമറി മുതൽ **5-**ാം ക്ലാസ്സ് വരെയായി **120** കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. പ്രധാന അധ്യാപികയടക്കം ഏഴ് അധ്യാപകരാണ് ഇവിടെ ജോലി ചെയ്യുന്നത്.

അക്കാദമിക രംഗത്ത് നിർണായക നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. സബ്ജില്ലാ തലത്തിലും ജില്ലാ തലത്തിലും കൂത്തുപറമ്പ് നഗരസഭാ തലത്തിലും മികച്ച പ്രകടനമാണ് നമ്മുടെ വിദ്യാലയം

കാഴ്ചവെക്കുന്നത്. സബ്ജില്ലാ, ജില്ലാ പ്രവൃത്തി പരിചയമേള, സാമൂഹ്യശാസ്ത്ര, ഗണിതശാസ്ത്ര മേളകളിലും ഉന്നത നിലവാരം പുലർത്താൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

കുത്തുപറമ്പ് നഗരസഭയുടെ വിദ്യാഭ്യാസ പരിപാടികളിൽ പ്രതിഭാനിർണ്ണയ പരീക്ഷകളിലും കിസ് മത്സരങ്ങളിലും അഭിമാനിക്കത്തക്ക നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എൽ.എസ്.എസ് നേടി

സ്ക്കൂളിന്റെ നാമധേയം ഉയർത്താൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്.

ലൈബ്രറി ആൻഡ് റീഡിററ് റൂം, മികച്ച കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്. ഉച്ചഊണക്ഷണ ഹാൾ, പാർക്ക്, ചുററുമതിൽ, പ്രവേശന കവാടം, പ്രീപ്രൈമറ കുട്ടികൾക്ക് കളിയുപകരണങ്ങൾ - എന്നിവയുടെ നിർമ്മാണമാണ് നമ്മുടെ ലക്ഷ്യം.എല്ലാ ക്ലാസിലും പുത്തൻ സാങ്കേതിക വിദ്യയിലൂടെയുള്ള

പഠനവും നമ്മൾ വിഭാവനം ചെയ്യുന്നുണ്ട്.

വിദ്യാലയത്തിന്റെ അക്കാദമിക് ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട്

എല്ലാ കുട്ടികളുടെയും എല്ലാ വൈഭവങ്ങളും അതിന്റെ പൂർണ്ണതലത്തിലേക്ക് വികസിപ്പിക്കുക.

കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും അതിന്റെ പൂർണതയിൽ എല്ലാ കുട്ടികളും ആർജിക്കുന്നു.

. കുട്ടികളിൽ പരസ്പരാശ്രയത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.

. മൂന്ന് ഭാഷകളിലും മികച്ച ആശയ വിനിമയശേഷി വളർത്തുക.

കുട്ടികളിൽ ക്രിയാത്മകതയും യുക്തിബോധവും വിമർശനാത്മക ചിന്തകളും വികയിപ്പിക്കുക.

പഠനശേഷികളും പഠനമനോഭാവവും വളർത്തുക.

വളരെ ജനാധിപത്യബോധമുള്ള പൗരന്മാരായി വളർത്തുക.

നമ്മുടെ വളർത്തുക.
സാംസ്കാരത്തിന് യോജിച്ച മൂല്യങ്ങളും മനോഭാവങ്ങളും

എല്ലാതരം വിവേചനങ്ങൾക്കും
എതിരായ മനോഭാവം
വളർത്തുക.

പാരിസ്ഥിതിക അവബോധം
വളർത്തുക.

ശാസ്ത്രചിന്ത വളർത്തുക.

വിദ്യാലയത്തിന്റെ ശക്തി

മാനേജ്മെന്റ്

എസ് എസ് ജി

അധ്യാപക കൂട്ടായ്മ

സാമൂഹ്യ പങ്കാളിത്തം

വിദ്യാർത്ഥികൾ

പൂർവ്വ വിദ്യാർത്ഥികൾ

. തദ്ദേശ സ്വയം ഭരണ സ്ഥാപനം

വിദ്യാലയത്തിന്റെ പരിമിതി

ലൈബ്രറി ആന്റ് റീംഡിംഗ് റൂം

. ചുറ്റുമതിൽ

* ജൈവ വൈവിധ്യ പാർക്ക്

ഉച്ചഭക്ഷണ ഹാൾ

സയൻസ് ലാബ്

നിലവിലുള്ള അധ്യാപകർ

ബിഷീന പി (ഹെഡ്മിസ്ട്രസ്)

ഗംഗാദേവി എം പി (എൽ പി എസ് എ)

. സുമിത്ത് എസ് പി (എൽ പി എസ് എ)

രമ്യ പി കെ (എൽ പി എസ് എ)

**2025-26** വർഷം മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ

**1.** ഭാഷാ പ്രൊജക്ടുകൾ

**2.** കലാ സാഹിത്യകാരന്മാർ

**3.** കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്

**4.** ഇംഗ്ലീഷ് ഫെസ്റ്റ്

**5.** ഹിന്ദി സ്കിറ്റ് പ്രസന്റേഷൻ

**6.** ഹിന്ദി പഠനം ഐ.സി.ടി സാധ്യതകൾ

**7.** അധ്യാപക ശാക്തീകരണം

**8.** എസ്.ആർ.ജി ശാക്തീകരണം

**9.** ഐ. ടി.പരിശീലനം - കുട്ടികൾക്ക് - അമ്മമാർക്ക്

**10.** എൽ.എസ്.എസ് പരീക്ഷാപരിശീലനം

**11.** ഒറിഗാമി ശില്പശാല

**12.** കായിക പഠനം

**13.** ഗണിത പഠനം ഐ.സി.ടി സാധ്യതകൾ

**14.** പഠന യാത്രകൾ സംഘടിപ്പിക്കൽ

**15.** ശാസ്ത്ര പഠന ഐ.സി.ടി സാധ്യത

**16.** ജൈവ വൈവിധ്യ ഉദ്യാനം വിപുലീകരിക്കൽ

**17.** ഗ്രാമസഭ നിരീക്ഷിക്കൽ

**18.** ലോക ഭൂപട നിരീക്ഷണം

വർഷം മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ

1. സ്കൂൾ ലൈബ്രറി നവീകരിക്കൽ

2. അമ്മ- വായന

3. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും

4. സർഗചുവർ നിർമ്മാണം

5. ഇംഗ്ലീഷ് അസംബ്ലി

6. ഇംഗ്ലീഷ് സ്ക◌ിറ്റ് അവതരണം

**7.** ഐ.സി.ടി സാധ്യത ഇംഗ്ലീഷ് പഠനത്തിന്

**8.** ഹിന്ദി ലൈബ്രറി

**9.** ഹിന്ദി പഠനം ഐ.സി.ടി സാധ്യതകൾ

**10.** ക്ലാസ് പി.ടി.എ സജീവമാക്കൽ

**11.** നാടക കളരി

**12.** നൃത്തപരിശീലനം

**13.** കായിക പഠനം

**14.** ഗണിത കേളികൾ

**15.** കുസൃതികണക്കുകൾ പരിചയപ്പെടാം

**16.** ശാസ്ത്ര പരീക്ഷണശില്പശാല

**17.** ലഘുപ്രൊജക്ട്ടുകൾ തയ്യാറാക്കാം

**18.** എന്റെ നാട് - നാടിനെ അറിയുക - പദ്ധതി വിവര ശേഖരണം

**19.** പ്രശ്നോത്തരി സംഘടിപ്പിക്കൽ.